(ഡി) നാദാപുരം മണ്ഡലത്തിലെ കാവിലുംപാറ ഹോമിയോ ഡിസ്പെൻസറിയും, നരിപറ്റി, കായക്കൊടി, മരുതോങ്കര എന്നീ ആയുർവേദ ഡിസ്പെൻസറികളുമാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്.

ആയുർവേദ, ഹോമിയോ ഡോക്ടർമാരുടെ കുറവ് പരിഹരിക്കാൻ നടപടി

153 (1622) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആയുർവേദ, ഹോമിയോ ആശുപത്രികളില്ലാത്ത എത്ര പഞ്ചായത്തുകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിലുള്ള ആശുപത്രികളിൽ ഡോക്ടർമാരുടെ കുറവുള്ളവ എത്രയെന്ന് വ്യക്തമാക്കാമോ ; ആയുർവേദ ഹോമിയോ ഡോക്ടർമാരുടെ കുറവ് എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആയുർവേദ സ്ഥാപനങ്ങളില്ലാത്ത 232 പഞ്ചായത്തുകളും ഹോമിയോ ഡിസ്പെൻസറികളില്ലാത്ത 497 പഞ്ചായത്തുകളുമുണ്ട്.

(ബി) നിലവിലുള്ള ആയുർവേദ സ്ഥാപനങ്ങളിൽ 211 മെഡിക്കൽ ഓഫീസർമാരുടെയും, ഹോമിയോ സ്ഥാപനങ്ങളിൽ 113 ഡോക്ടർമാരുടെയും കുറവുകൾ ഉണ്ട്.

(സി) ആയുർവേദ സ്ഥാപനങ്ങളിൽ നിലവിലുള്ള 211 മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന പട്ടികവർഗ്ഗക്കാരിൽനിന്നും നിയമിക്കുന്നതിനായി സംവരണം ചെയ്തിട്ടുള്ള 26 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ മെഡിക്കൽ ഓഫീസർമാരുടെ 141 ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 44 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഹോമിയോ സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ കരാർ അടിസ്ഥാനത്തിലും ദിവസക്കൂലി അടിസ്ഥാനത്തിലും താൽക്കാലിക പ്രൊമോഷൻ വഴിയും നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ നിയമനം

154 (1623) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിൽ ആകെ എത്ര ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly